# സുഭിക്ഷ കേരളം; ജില്ലയിലെ പഞ്ചായത്തുകൾ

# തയ്യാറാകുന്നു

- വിവിധ തല സമിതികൾ മെയ് 12 മുതൽ രൂപവത്കരിക്കും

ആലപ്പുഴ: കോവിഡാനന്തര ഘട്ടത്തിലെ കേരളത്തെ പുനർ നിർമ്മിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി മുഖ്യമന്ത്രി പ്രഖ്യാപിച്ച സുഭിക്ഷ കേരളം പദ്ധതി വിജയിപ്പിക്കുന്നതിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ ഏകോപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതിക്ക് തുടക്കമായി. ഇന്നലെ തദ്ദേശസ്വയംഭരണ സ്ഥാപന മേധാവികളോട് വീഡിയോ കോൺഫറൻസിലൂടെ നിർദ്ദേശിച്ചതിൻറെ അടിസ്ഥാനത്തില് ജില്ലാപഞ്ചായത്തിൻറെ നേതൃത്വത്തിലാണ് സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമാകേണ്ട വകുപ്പുകളുടെ ജില്ലാ മേധാവികൾ യോഗം ചേർന്ന് ജില്ലയുടെ പ്രവർത്തനത്തിന് സമഗ്രമായ മാർഗ്ഗരേഖ തയ്യാറാക്കിയത്. ജില്ലാപഞ്ചായത്തിൻറെ ആഭിമുഖ്യത്തില് ജില്ലയിലെ പ്രവർത്തനങ്ങള് ഏകോപിപ്പിക്കുന്നതിന് ജില്ലാപഞ്ചായത്ത് ഹാളിൽ പ്രസിഡൻറ് ജി. വേണുഗോപാലിൻറെ അധ്യക്ഷതയില് കൂടിയ യോഗത്തിലാണ് തീരുമാനം.

പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, തൊഴിലുറപ്പ്, കുടുംബശ്രീ, ഹരിതകേരളം എന്നിവയുടെ ജില്ലാ മേധാവികൾ പങ്കെടുത്ത് പ്രവർത്തനങ്ങളുടെ ആസൂത്രണം നടത്തി. നിലവിലെ കൃഷി വ്യാപിപ്പിക്കുന്നതിന് പുതിയ സ്ഥലങ്ങൾ കണ്ടെത്തി കൃഷി നടത്തുന്നതിന് ഇടപെടൽ  നടത്തും. ധാന്യങ്ങൾ, പച്ചക്കറി, പശു, ആട്, മുയല്, മത്സ്യം, പന്നി തുടങ്ങി എല്ലാ ഇനങ്ങളിലും ജില്ലയെ സ്വയംപര്യാപ്തമാക്കാൻ ഗ്രാമപഞ്ചായത്തിൻറെ നേതൃത്വത്തിൽ കാര്യക്ഷമമായ നടപടികളെടുക്കും. ഇതിൻരെ അടിസ്ഥാനത്തിൽ സുഭിക്ഷ കേരളം പദ്ധതി സംബന്ധിച്ച ഗ്രാമപഞ്ചായത്ത് വാർഡുതല സമിതികള് മെയ് 12ന് രൂപീകരിക്കുവാനും പഞ്ചായത്ത്തല സമിതികള് 13ന് രൂപീകരിക്കുവാനും ഭൂമി സംബന്ധിച്ച വിവരശേഖരണം 15ന് നടത്തുവാനും തീരുമാനിച്ചു. മെയ് 17ന് കാർഷിക കലണ്ടര് തയ്യാറാക്കുന്നതിനും ആയത് പ്രകാരം വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം വാങ്ങുവാനും ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകി. ജില്ലാതലത്തിൽ അതാത് വകുപ്പുകളുടെ പ്രവർത്തനങ്ങള് അതാത് ജില്ലാ ഓഫീസർമാര് മോണിറ്റര് ചെയ്യുന്നതിനും ഇക്കാര്യത്തില് താഴെത്തിട്ടിലുള്ള വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ സേവനം ഗ്രാമപഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുന്നതിനും യോഗം തീരുമാനിച്ചു. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡൻറ് മണിവിശ്വനാഥ്, വികസന സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാന് കെ.കെ. അശോകൻ, ആരോഗ്യ-വിദ്യാഭ്യാസ

സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാന് അഡ്വ. കെ.ടി. മാത്യു, പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മറ്റി ചെയപേഴ്സണ്
കെ. സുമ, ജില്ലാപഞ്ചായത്ത് അംഗങ്ങളായ ജോൺ തോമസ്, വിശ്വൻ പടനിലം, ജുമൈലത്ത്, ജില്ലാപഞ്ചായത്ത് സെക്രട്ടറി
കെ.ആർ. ദേവസാദ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീകുമാര്, ജില്ലാ പ്ലാനിംഗ് ഓഫീസർ ലതി മറ്റ് ജില്ലാതല വകുപ്പ്
ഉദ്യോസ്ഥന്മാർ എന്നിവര് പങ്കെടുത്തു.

--